# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.08.2024**

### പ്രധാനവാർത്തകൾ

1. **രാഷ്ട്രം അത്യുത്സാഹപൂർവ്വം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നു. രാഷ്ട്ര നിർമ്മാണത്തിൽ കർഷകരുടെയും സൈനികരുടെയും പങ്കാളിത്തം എടുത്ത് പറഞ്ഞ് സ്വാതന്ത്ര്യദിന സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **രാജ്യത്ത് മതേതര സിവിൽ കോഡ് അനിവാര്യമെന്ന് പ്രധാനമന്ത്രി. ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പിനായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരണം. ബംഗ്ലാദേശിലെ സ്ഥിതിഗതികളിൽ ആശങ്കയെന്നും ശ്രീ. നരേന്ദ്രമോദി.**

3. **കാലാവസ്ഥ മുന്നറിയിപ്പുകൾ കാര്യക്ഷമമാക്കണമെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ. കൃത്യമായ പ്രചവനം ഉണ്ടെങ്കിലെ പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാനാകൂവെന്നും മുഖ്യമന്ത്രി.**

4. **സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ. ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ വയനാട്ടിൽ ആഘോഷ പരിപാടികളും പരേഡും ഒഴിവാക്കി.**

5. **ഞായറാഴ്ച വരെ സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

****************************************

RNU TVPM

## സ്വാതന്ത്ര്യ ദിനാഘോഷം-1

രാഷ്ട്രം 78 -മത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി. പതാക ഉയർത്തുന്നതിന് മുന്നോടിയായി രാവിലെ ഏഴ് മണിയോടെ മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ്ഘട്ടിലെത്തി അദ്ദേഹം പുഷ്പാർച്ചന നടത്തി. തുടർന്ന് പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്തു. സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിച്ച് കൊണ്ടാണ് പ്രധാനമന്ത്രി പ്രസംഗം ആരംഭിച്ചത്. രാഷ്ട്ര നിർമ്മാണത്തിൽ കർഷകരുടെയും സൈനികരുടെയും പങ്കാളിത്തം പ്രധാനമന്ത്രി എടുത്തു പറഞ്ഞു. പ്രകൃതി ദുരന്തങ്ങളിൽ ജീവൻ പൊലിഞ്ഞവരെ വേദനയോടെ സ്മരിക്കുന്നുവെന്നും രാജ്യം അവർക്കൊപ്പം നിൽക്കുമെന്നും ശ്രീ മോദി പറഞ്ഞു. 2047 ൽ വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാനാകുമെന്ന ആത്മവിശ്വാസവും അദ്ദേഹം പങ്കുവച്ചു.

(വോയിസ്)

RNU TVPM

140 കോടി ജനങ്ങൾ ദൃഢനിശ്ചയം ചെയ്ത് ഒറ്റക്കെട്ടായി നീങ്ങിയാൽ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് 2047- ഓടെ രാഷ്ട്രം **'വികസിത ഭാരതം'** ആയി മാറുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വികസിത ഭാരതം 2047 എന്ന പ്രമേയം അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ ആഘോഷം. കർഷകർ, സ്ത്രീകൾ ഗോത്രവിഭാഗത്തിൽ നിന്നുള്ളവരടക്കം ആറായിരം പേരാണ് ഇത്തവണ ചടങ്ങുകളിൽ വിശിഷ്ടാതിഥികളായി പങ്കെടുത്തത്. വിവിധ സംസ്ഥാനങ്ങളിലെ രണ്ടായിരത്തോളം കലാകാരന്മാരും പരിപാടികൾ അവതരിപ്പിച്ചു.

***************************

## സ്വാതന്ത്ര്യ ദിനാഘോഷം -4

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 75,000 മെഡിക്കൽ സീറ്റുകൾ കൂടി സൃഷ്ടിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത എല്ലാ കായികതാരങ്ങളെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. പാരാലിമ്പിക്സിൽ പങ്കെടുക്കാൻ ഇന്ത്യയുടെ ഒരു വലിയ സംഘം വരും ദിവസങ്ങളിൽ പാരീസിലേക്ക് പോകുമെന്നും അദ്ദേഹം പറഞ്ഞു. 2036 ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുക എന്നത് ഇന്ത്യയുടെ സ്വപ്നമാണെന്നും അതിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും അദ്ദേഹം പറഞ്ഞു. പ്രതിരോധ മേഖലയിൽ രാജ്യം സ്വാശ്രയമായി മാറുകയാണെന്നും പ്രതിരോധ ഉപകരണ നിർമ്മാണത്തിൽ വലിയ മുന്നേറ്റമുണ്ടായതായും ശ്രീ മോദി പറഞ്ഞു. പ്രതിരോധ ഉൽപ്പാദന കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്ത് മതാധിഷ്ഠിത സിവിൽ കോഡിന് പകരം മതേതര സിവിൽ കോഡ് വേണമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പിനായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. അയൽരാജ്യമെന്ന നിലയിൽ ബംഗ്ലാദേശിലെ സ്ഥിതിഗതികളിൽ ഇന്ത്യക്ക് ആശങ്കയുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

RNUTVPM

**************************

## സ്വാതന്ത്ര്യ ദിനാഘോഷം -2

വിനോദസഞ്ചാരം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, കൃഷി തുടങ്ങി സമസ്ത മേഖലകളിലും പരിഷ്കരണങ്ങൾക്കായി സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ശ്രമകരമായ ഒട്ടേറെ പരിവർത്തനങ്ങൾക്ക് രാജ്യം സാക്ഷിയായി. അതിൽ എടുത്തുപറയേണ്ടത് ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം, സ്ത്രീശാക്തീകരണം തുടങ്ങിയവയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ 10 കോടി

സ്ത്രീകൾ വനിതാ സ്വയം സഹായ സംഘങ്ങളിൽ ചേരുകയും സാമ്പത്തികമായി സ്വതന്ത്രരാവുകയും ചെയ്തു..

**************************

<u>തിരുവനന്തപുരം (ഇൻട്രോ)</u>

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുഖകരമായ അന്തരീക്ഷത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാലാവസ്ഥ മുന്നറിയിപ്പുകൾ കാര്യക്ഷമമാക്കണമെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞു. പൊതുവായ മുന്നറിയിപ്പുകൾ അല്ല, കൃത്യമായ പ്രവചനങ്ങളാണ് വേണ്ടത്. എന്നാൽ മാത്രമേ പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാനാകൂവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട് ......**

**(വോയിസ്)**

**************************

<u>ജില്ല- സ്വാതന്ത്ര്യദിനം</u>

സ്വാതന്ത്ര്യദിന ആഘോഷങ്ങളുടെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. വയനാട്ടിലെ സ്വാതന്ത്ര്യദിന ചടങ്ങ് കൽപ്പറ്റ എസ്.കെ.എം.ജെ ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്നു. മന്ത്രി ഒ.ആർ.കേളു പതാക ഉയർത്തി. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ, പരേഡ് എന്നിവ പൂർണ്ണമായും ഒഴിവാക്കിയാണ് വയനാട്ടിലെ സ്വാതന്ത്ര്യദിന

RNU TVPM

ചടങ്ങുകൾ നടന്നത്. കൊല്ലം ആശ്രാമം മൈതാനത്ത് സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യദിനസന്ദേശം നൽകി. എറണാകുളത്ത് കാക്കനാട് സിവിൽ സ്റ്റേഷൻ പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ മന്ത്രി പി.രാജീവ് പങ്കെടുത്തു. കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിനും ആലപ്പുഴയിൽ മന്ത്രി സജി ചെറിയാനും പാലക്കാട് മന്ത്രി എം.ബി.രാജേഷും കാസർഗോഡ് മന്ത്രി കെ.കൃഷ്ണൻ കുട്ടിയും പതാകയുയർത്തി. തൃശൂർ ജില്ലയിൽ നടന്ന ചടങ്ങിന് മന്ത്രി ആർ. ബിന്ദു നേതൃത്വം നൽകി. മലപ്പുറത്ത് നടന്ന സ്വാതന്ത്ര്യദിന പരേഡിൽ മന്ത്രി കെ. രാജനും പത്തനംതിട്ടയിൽ മന്ത്രി വീണാജോർജും സല്യൂട്ട് സ്വീകരിച്ചു.

***************************

RNU TVPM

__കോഴിക്കോട് (ഇൻട്രോ)__

കോഴിക്കോട് വിക്രം മൈതാനിയിൽ നടന്ന ചടങ്ങിൽ മന്ത്രി എ.കെ.ശശീന്ദ്രൻ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി **നസീർ ബാബു......**

**(വോയിസ്)**

***************************

__പത്തനംതിട്ട (ഇൻട്രോ)__

എല്ലാ ദേശീയ ദിനങ്ങളിലും വീടുകളിൽ ദേശീയ പതാക ഉയർത്തുന്നത് ഇപ്പോൾ പതിവാണെങ്കിലും നാലു വർഷമായി എല്ലാ ദിവസവും പതാക ഉയർത്തുന്ന ഒരു വീടുണ്ട് പത്തനംതിട്ട ജില്ലയിൽ. പന്തളം കുളനട സ്വദേശിയായ ജോസ് കെ.തോമസിന്റെ

തറയിൽ എന്ന വീട്ടുമുറ്റത്താണ് ഔദ്യോഗിക ദുഖാചരണ ദിനങ്ങളിലൊഴികെ എല്ലാ ദിവസവും ദേശീയ പതാക ഉയർത്തുന്നത്.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധരൻ നൽകുന്ന **റിപ്പോർട്ട്......**

(വോയിസ്)

****************************

<u>മഴ- സംസ്ഥാനം</u>

കേരളത്തിൽ ഞായറാഴ്ച വരെ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് വയനാട്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം മുതൽ മലപ്പുറം വരെയുള്ള അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

****************************************************************************

***